# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 393

## 08.08.2017 ലെ മറുപടിക്ക്

## <u>മണ്ഡലം ആസ്തി വികസന ഫണ്ട്</u>

| | ചോദ്യം<br>ശ്രീ.പി.ടി. തോമസ് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ബജറ്റിൽ മണ്ഡലം ആസ്തി വികസന ഫണ്ടായി ഓരോ മണ്ഡലത്തിലും എത്ര കോടി രൂപവീതം അനുവദിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; | കഴിഞ്ഞ സാമ്പത്തിക വർഷം ആസ്തി വികസന ഫണ്ടായി നോമിനേറ്റഡ് എം.എൽ.എ ഉൾപ്പെടെ ഓരോ നിയോജകമണ്ഡലത്തിനും 5 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്; | 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിക്കായി 705 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആസ്തി വികസന പദ്ധതി 2016-17 ന് കീഴിൽ 141 എം.എൽ.എ. മാരിൽ നിന്നും 2102 പ്രവൃത്തികൾക്കുള്ള ശുപാർശകൾ ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. സർക്കുലർ നം. 53/2017/ധന. തീയതി 06.07.2017 പ്രകാരം പ്രസ്തുത പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും നൽകുന്നതിനുള്ള സമയപരിധി 30.09.2017 ആയി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ആസ്തി വികസന പദ്ധതിയിൻ കീഴിലെ പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിനായി വികസിപ്പിച്ചിട്ടുള്ള ഓൺലൈൻ പോർട്ടലിൽ (www.ads.kerala.gov.in) ലഭ്യമായ വിവരം അനുസരിച്ച് ആസ്തി വികസന പദ്ധതി 2016-17 ന് കീഴിൽ 31.07.2017 വരെ 586.58 കോടി രൂപ ആകെ അടങ്കലിൽ 1815 പ്രവൃത്തികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>പൊതുമരാമത്ത് - 388.63 കോടി രൂപ<br>വിദ്യാഭ്യാസം - 85.74 കോടി രൂപ<br>ആരോഗ്യം - 46.31 കോടി രൂപ<br>വാട്ടർ അതോറിറ്റി - 21.02 കോടി രൂപ<br>പ്രസ്തുത പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്. ധനാനുമതി നൽകിയ 95 ശതമാനത്തോളം പ്രവൃത്തികൾക്ക് ഇതിനോടകം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഇതിൽ വാട്ടർ അതോറിറ്റി, വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം എന്നീ മേഖലകളിൽ ഭരണാനുമതി നൽകിയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | |



സെക്ഷൻ ഓഫീസർ